HRMP No.1172/15


# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ടർബ്ബോ പ്ലസ് ടൗവ്വർ, പി. എം. ജി. ജംഗ്ഷൻ,
വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം. 33

**Email. – hrckeralatvm@gmail.com**

ഫോൺ: 2307263. ഫാക്സ്: 2307490


## 40 വർഷമായി പ്രവർത്തിക്കുന്ന കിന്റർ ഗാർഡനിൽ വെള്ളവും വൈദ്യുതിയുമില്ല;മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടപ്പോൾ നടപടിയായി

തിരുവനന്തപുരം: കോട്ടൂർ ആദിവാസി മേഖലയിൽ 40 വർഷമായി പ്രവർത്തിക്കുന്ന കിന്റർ ഗാർഡനിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് വെള്ളവും വൈദ്യുതിയും നൽകാൻ സർക്കാർ തലത്തിൽ നടപടി തുടങ്ങി.

കോട്ടൂർ വ്ളാവട്ടിയിലെ കിന്റർ ഗാർഡനിൽ ആദിവാസി കുട്ടികളാണ് പഠിക്കുന്നത്. ആസ്ബസ്റ്റോസ് ഷീറ്റിട്ട കെട്ടിടത്തിൽ വൈദ്യുതി ഇല്ലാത്തതിനാൽ വിയർത്തൊലിച്ചാണ് കുഞ്ഞുങ്ങൾ പഠിക്കുന്നത്. രക്ഷകർത്താക്കൾ അധികൃതരെ നിരവധി തവണ സമീപിച്ചിട്ടും നടപടിയായില്ല. കോട്ടൂർ വനമേഖലയിൽ മറ്റൊരു കിന്റൻ ഗാർഡനനില്ല. എന്നാൽ കിന്റൻ ഗാർഡൻ റ്റീച്ചറുടെ ആത്മാർത്ഥത കാരണം കുഞ്ഞുങ്ങളെ മറ്റു സ്കൂളുകളിലേക്ക് മാറ്റാൻ കഴിയുന്നില്ലെന്നും പ്രദേശവാസി കുമാർ സമർപ്പിച്ച പരാതിയിൽ പറയുന്നു.

ഇതിൽ കമ്മീഷൻ ജില്ലാ കളക്ടറുടേയും സാമൂഹ്യനീതി ഉദ്യോഗസ്ഥരുടേയും അടിയന്തിര ശ്രദ്ധ ആവശ്യപ്പെട്ടിരുന്നു.

കിന്റർഗാർഡനു സമീപമുള്ള റോഡിൽ വൈദ്യുതി പോസ്റ്റുണ്ടെന്ന് കളക്ടർ കമ്മീഷനെ അറിയിച്ചു. എന്നാൽ കെട്ടിടം വൈദ്യുതീകരിച്ചിട്ടില്ല. കമ്മീഷന്റെ നിർദ്ദേശാനുസരണം ഇക്കൊല്ലം വൈദ്യുതീകരണം പൂർത്തിയാക്കി കണക്ഷൻ നൽകുമെന്ന് കളക്ടർ അറിയിച്ചു.

കിന്റർഗാർഡനിൽ കുടിവെള്ളമെത്തിക്കുന്നതിന് കാളിപ്പാറ മേജർ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പുലൈൻ നീട്ടിയിട്ടുണ്ട്. രണ്ടു മാസത്തിനകം ജലക്ഷാമം പരിഹരിക്കും.

മൂന്നു മാസത്തിനകം കിന്റർഗാർഡനിൽ വെള്ളവും വൈദ്യുതിയും എത്തിക്കണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ജില്ലാ കളക്ടർക്കും കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും നിർദ്ദേശം നൽകിയതായി കമ്മീഷൻ അറിയിച്ചു.


**പി.എം. ബിനുകുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**9447694053.**


09/05/2015